**പതിനാലാം കേരളനിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2318 — 09.03.2018 ന് മറുപടിയ്ക്ക്.

**ചന്ദനമര വില്പന**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അനൂപ് ജേക്കബ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിലുള്ള ചന്ദനക്കാടിന്റെ വിസ്തൃതി എത്രയാണെന്നും ഇത് ഏത് ഫോറസ്റ്റ് റെയിഞ്ചിന്റെ കീഴിലാണെന്നും അറിയിക്കുമോ ; | (എ) സംസ്ഥാനത്ത് നിലവിലുള്ള ചന്ദനക്കാടിന്റെ വിസ്തൃതി കണക്കാക്കിയിട്ടുള്ളതിൽ മറയൂർ ഫോറസ്റ്റ് റെയിഞ്ചിൽ 596.51 ഹെക്ടറും, കാന്തല്ലൂർ ഫോറസ്റ്റ് റെയിഞ്ചിൽ 841.718 ഹെക്ടറും ആണുള്ളത്. കൂടാതെ സംസ്ഥാനത്ത് തെന്മല, മൂന്നാർ, ചാലക്കുടി, മണ്ണാർക്കാട്, നെന്മാറ, വയനാട് സൗത്ത്, വയനാട് നോർത്ത്, കാസർഗോഡ്, പെരിയാർ വെസ്റ്റ്, മൂന്നാർ/പറമ്പിക്കുളം വൈൽഡ് ലൈഫ് ഡിവിഷനുകളിലെ സ്വാഭാവിക വനങ്ങളിലും ചന്ദനമരങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവയുടെ കൃത്യമായ വിസ്തൃതി തിട്ടപ്പെടുത്തിയിട്ടില്ല. |
| (ബി) സംസ്ഥാനത്ത് വനം വകുപ്പ് ചന്ദനമര വില്പന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഫോറസ്റ്റ് റെയിഞ്ചിലാണെന്നും പ്രസ്തുത വില്പനയിലൂടെ എത്ര രൂപ സമാഹരിച്ചുവെന്നും വ്യക്തമാക്കുമോ ? | (ബി) മറയൂർ ചന്ദന ഡിവിഷനു കീഴിൽ 2017-18-ൽ 12.07.2017 & 13.07.2017, 17.01.2018 & 18.01.2018 തീയതികളിലായി 8 ചന്ദന ലേലങ്ങൾ നടത്തിയിട്ടുണ്ട്. 2017-18 സാമ്പത്തികവർഷത്തിൽ മേൽപ്പറഞ്ഞ 8 ലേലങ്ങളിൽ നിന്നായി 2018 ഫെബ്രുവരി 28-ാം തീയതി വരെ വില്പന വിലയും, എഫ്.ഡി.ടി യുമായി ആകെ 31,59,74,647/- രൂപ സർക്കാരിലേയ്ക്ക് സമാഹരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

2